# സെക്രട്ടറിയറ്റിനു മുന്നിൽ കള്ളുചെത്ത് തൊഴിലാളികളുടെ ഉജ്വലധർണ

സ്വന്തം ലേഖകൻ

തിരു: കള്ളുചെത്ത് വ്യവസായം തകർക്കുന്ന സംസ്ഥാന സർക്കാർ നീക്കത്തിനെതിരെ കള്ളുചെത്ത് വ്യവസായത്തൊഴിലാളി ഫെഡറേഷൻ (സിഐടിയു) നേതൃത്വത്തിൽ തൊഴിലാളികൾ സെക്രട്ടറിയറ്റ് പടിക്കൽ ധർണ നടത്തി. സമരം സിപിഐ എം പൊളിറ്റ്ബ്യൂറോ അംഗം കോടിയേരി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

നീര ചെത്ത് അനുവദിക്കാനുള്ള നീക്കം സർക്കാർ ഉപേക്ഷിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. നീര അനുവദിച്ചാൽ ലക്ഷത്തിലേറെ തൊഴിലാളികൾ വഴിയാധാരമാകും. തെങ്ങ് രോഗം തടയാനും ഉൽപ്പാദനശേഷിയുള്ള തെങ്ങുകൾ വ്യാവസായിക അടിസ്ഥാനത്തിൽ വച്ചുപിടിപ്പിക്കാൻ സർക്കാർ നടപടി സ്വീകരിക്കണമെന്നും കോടിയേരി ആവശ്യപ്പെട്ടു.

ചെത്തുതൊഴിലാളികളുടെ തൊഴിൽ ഇല്ലാതാക്കി വഴിയാധാരമാക്കാനുള്ള സർക്കാരിന്റെ കുറുക്കുവഴികളുടെ ഭാഗമാണ് നീര അനുവദിക്കാനുള്ള നീക്കമെന്ന് സിഐടിയു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ പറഞ്ഞു. ലഹരി കുറഞ്ഞ കള്ള് അനുവദിക്കാതിരിക്കുകയും വിദേശ മദ്യഷാപ്പുകൾ ഇഷ്ടംപോലെ അനുവദിക്കുകയും ചെയ്യുകയാണ്. ഇങ്ങനെ ചെയ്യുന്ന സർക്കാരും കോടതികളും തൊഴിലാളികൾ എങ്ങനെ ജീവിക്കണമെന്നുകൂടി പറഞ്ഞുകൊടുക്കണമെന്നും ആനത്തലവട്ടം ആവശ്യപ്പെട്ടു.

ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് കെ എം സുധാകരൻ അധ്യക്ഷനായി. കാട്ടാക്കട ശശി, പി എൻ സീനുലാൽ, എം തങ്കച്ചൻ, പുഞ്ചയിൽ നാണു, വി ശിവൻകുട്ടി എംഎൽഎ എന്നിവരും സംസാരിച്ചു. അക്ടിങ് ജനറൽ സെക്രട്ടറി എം സുരേന്ദ്രൻ സ്വാഗതം പറഞ്ഞു.

കള്ളുഷാപ്പുകളുടെ നടത്തിപ്പ് തൊഴിലാളി സഹകരണ സംഘങ്ങളെ ഏൽപ്പിക്കുക, അട്ടപ്പാടിയിൽനിന്ന് മറ്റ് ജില്ലകളിലെ കള്ളുഷാപ്പുകളിലേക്ക് കള്ള് ചെത്തിക്കൊണ്ടുപോകാൻ അനുവാദം നൽകുക, ഇടക്കാലാശ്വാസമായി കള്ള് ചെത്തുകൂലി തെങ്ങിൻകള്ള് ലിറ്ററിന് രണ്ടു രൂപയും പനംകള്ള് ലിറ്ററിന് ഒരു രൂപയും വർധിപ്പിക്കുക, ഷാപ്പ് തൊഴിലാളികൾക്ക് 15 രൂപ ദിവസം ഇടക്കാലാശ്വാസമായി അനുവദിക്കുക തുടങ്ങിയ ആവശ്യങ്ങളും ധർണയിൽ ഉന്നയിച്ചു.



കള്ളുചെത്ത് വ്യവസായത്തൊഴിലാളി ഫെഡറേഷൻ (സിഐടിയു) നേതൃത്വത്തിൽ സെക്രട്ടറിയറ്റ് പടിക്കൽ നടത്തിയ ധർണ സിപിഐ എം പൊളിറ്റ്ബ്യൂറോ അംഗം കോടിയേരി ബാലകൃഷ്ണൻ ഉദ്ഘാടനംചെയ്യുന്നു